# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4551 | 04.02.2014 ൽ മറുപടിക്ക്

### ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രണം

**ചോദ്യം**
ശ്രീ. ബാബു എം. പാലിശ്ശേരി:

**ഉത്തരം**
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) മാവേലി സ്റ്റോറുകളിലും റേഷൻകടകളിലും ആവശ്യ സാധനങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദമാക്കുമോ;

(എ) റേഷൻകടകളിലൂടെ ഓരോ മാസവും അവശ്യസാധനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കിവരുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് പ്രതിമാസം 25 കി.ഗ്രാം അരി കിലോഗ്രാമിന് ഒരു രൂപാ നിരക്കിലും 5 കി.ഗ്രാം ഗോതമ്പ് രണ്ട് രൂപാ നിരക്കിലും ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര കി.ഗ്രാമിന് 13.50 രൂപാ നിരക്കിലും നൽകുന്നു. എ.പി.എൽ. കാർഡുടമകൾക്ക് 10കി.ഗ്രാം അരി കിലോഗ്രാമിന് 8.90 രൂപാ നിരക്കിലും 2 കി.ഗ്രാം ആട്ട കാർഡൊന്നിന് 12 രൂപാ നിരക്കിലും നൽകുന്നു. എ.പി.എൽ. വിഭാഗത്തിൽ പെട്ട രണ്ട് രൂപാനിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കി.ഗ്രാം അരി രണ്ട് രൂപാ നിരക്കിൽ നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. എ.എ.വൈ. കാർഡുടമകൾക്ക് 35കി.ഗ്രാം അരി ഒരു രൂപാനിരക്കിൽ നൽകുകയും ഓരോ അംഗത്തിനും 400ഗ്രാം പഞ്ചസാര കി.ഗ്രാമിന് 13.50 രൂപാ നിരക്കിൽ നൽകുകയും ചെയ്യുന്നു. മേൽവിഹിതം നൽകുന്നതിനുള്ള സാധനങ്ങളുടെ സ്റ്റോക്കിൽ കുറവില്ല.

എന്നാൽ ചില മാവേലി സ്റ്റോറുകളിലെ സ്ഥലപരിമിതി മൂലവും ചരക്ക് നീക്കത്തിൽ വരുന്ന ചില പ്രായോഗികമായ ബുദ്ധിമുട്ടുകൾ കൊണ്ടും അപൂർവ്വം ചില അവസരങ്ങളിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാറുണ്ട്.

സപ്ലൈകോയുടെ എല്ലാ വിൽപ്പന ശാലകളിലും അവശ്യസാധനങ്ങൾ

പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവ് ഉള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

2) സ്ഥല സൗകര്യം കുറഞ്ഞ വിൽപ്പന ശാലകളിലേയ്ക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ചു കൊടുക്കുന്നു.

3) എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിന് അവശ്യസാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

4) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യ സാധനങ്ങൾ എത്രയും വേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

5) കൂടാതെ എസ്.പി. തലത്തിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യസാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പു വരുത്താറുണ്ട്.

ഇതിനു പുറമേ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഓരോ ഔട്ട്ലെറ്റും കേന്ദ്രീകരിച്ച് ഉപഭോക്താക്കളുടേയും പൊതുപ്രവർത്തകരുടെയും സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്; വിശദമാക്കുമോ?

**(ബി)** പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നു. പൊതുവിതരണ ശൃംഖല വഴി കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുകയും ഇവ ഉപഭോക്താക്കൾക്ക് അർഹ

മായ അളവിലും നിരക്കിലും ലഭ്യമാകുന്നു എന്നുറപ്പുവരുത്തുകയും ചെയ്യുന്നു. ആയതിലേയ്ക്കായി റേഷനിംഗ് ഇൻസ്പെക്ടർമാർ മുതലുള്ള ഉദ്യോഗസ്ഥർ ശക്തമായ പരിശോധനകളും റെയ്ഡും നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ജില്ലകളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

Beena

**സെക്ഷൻ ഓഫീസർ**